## 1111

*രീതി: ദൈവമക്കളെ നമ്മൾ*

മാന്യസ്നേഹിതാ, നിന്റെ ജീവയാത്രയിൽ
എങ്ങു ചെന്നു ചേരുമെന്നു ചിന്ത ചെയ്ക നീ-

1 പാപഭാരം പേറി ഭൂവിൽ ജീവിക്കുന്നവർ
താപമേറും നിത്യത്തീയിൽ വീണെരിഞ്ഞിടും
പാപമെത്ര ഘോരമെന്നതോർത്തു സ്നേഹിതാ
യേശു നാഥൻ ചാരേ വന്നു രക്ഷനേടുക-

2 വീതിയേറും പാതയിൽ ചരിച്ചിടുന്നവർ
ജീവനറ്റ നാശ പട്ടണത്തിലെത്തിടും
മോദമാർന്ന സ്വർഗ്ഗമന്ദിരമണഞ്ഞിടാൻ
ക്രിസ്തു എന്ന പാതയിൽ നീ യാത്ര ചെയ്യണം-

3 മർത്യപാപമേറ്റു ക്രൂശിൽ ജീവനർപ്പിച്ചു
വീണ്ടെടുത്തു മർത്യരെ ശ്രീയേശു വല്ലഭൻ
ശ്രേഷ്ഠമാമീ സ്നേഹമോർത്തു താഴ്മയോടെ നീ
ക്രൂശിനോടണഞ്ഞു പാപമേറ്റു ചൊല്ലുക-

4 യേശു മൂലം പാപമോചനം ലഭിച്ചുവോ?
നിത്യജീവനേറ്റു ദൈവപുത്രനായിയോ?
ഇല്ലയെങ്കിൽ ഘോരമാം നരകമത്രെ നിൻ
നിത്യ ഗേഹമെന്നതോർത്തു കേഴുകാ സഖേ- **K.D.W.**